# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1291

11.02.2016-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | **ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ; | എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ താഴെ ചേർക്കുന്നു:<br>**2011-2012**<br>സബ് രജിസ്ട്രാർ ഓഫീസുകളെ ലോക്കൽ ഏരിയ ശൃംഖല വഴി റവന്യൂ ഓഫീസുകളുമായി ബന്ധപ്പെടുത്തി തൽസമയം ഓൺലൈനായി വിവരങ്ങൾ കൈമാറി ഉടൻ തന്നെ പോക്കുവരവ് ചെയ്യാനുള്ള സമ്പ്രദായം നടപ്പിലാക്കും.<br>**2012-2013**<br>1)രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ നെറ്റ്‌വർക്ക് മുഖാന്തിരം തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കേരളത്തിലെ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്ന പദ്ധതി.<br>2) ഏകജാലക സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏർപ്പെടുത്തുന്നതാണ്.<br>3)ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br>(4) രജിസ്ട്രേഷൻ വകുപ്പു നൽകുന്ന വിവിധ സേവനങ്ങൾക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.<br>**2013-2014**<br>1)തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും. |

2)എല്ലാ സബ് രജിസ്ട്രാർ ഓഫീസിലും നെറ്റ്വർക്കിംഗ് പദ്ധതി നടപ്പിലാക്കും.

3)തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കും.

4)സംസ്ഥാന വ്യാപകമായി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കും

**2014-2015**

1) മലപ്പുറം ജില്ലയിലെ എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കും.

2)രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കും.

**2015-16**

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനു വേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തി.

ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിച്ച തുകയെത്ര;

ബി)

**2011-2012**

വകയിരുത്തിയ തുക -400 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക -394.05 ലക്ഷം രൂപ

**2012-2013**

വകയിരുത്തിയ തുക -500 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക – 495.56 ലക്ഷം രൂപ

**2013-2014**

വകയിരുത്തിയ തുക -800 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക – 787.71 ലക്ഷം രൂപ

**2014-2015**

വകയിരുത്തിയ തുക -910 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക – 910 ലക്ഷം രൂപ

**2015-16**

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടെണ്ടർ നടപടികൾപൂർത്തിയാവുന്നു

സി) കഴിഞ്ഞ അഞ്ച് വർഷത്തിനകം പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇവയിൽ ഉപേക്ഷിച്ച പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

സി)

**2011-2012**

സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ സേവനങ്ങൾ ഓൺലൈനാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ ഏതാനും സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

**2012-2013**

ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഇ- സ്റ്റാമ്പിംഗ് പദ്ധതി ഒഴികെയുള്ള പദ്ധതികൾ സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതിക്കായുള്ള നിയമ ഭേദഗതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**2013-2014**

തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നെറ്റ്‌വർക്കിംഗ് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നതാണ്.
തിരുവിതാംകൂർ - കൊച്ചി സാഹിത്യ- ശാസ്ത്രീയ - ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2014-2015**

മലപ്പുറം ജില്ലയിലെ എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് 30.12.2015 ലെ സ.ഉ.(എം.എസ്.) 223/2015/നിവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**2015-2016**

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

**സെക്ഷൻ ഓഫീസർ**